# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1304.** 30..9..2011-ൽ മറുപടിക്ക്

## ക്ഷീരവ്യവസായ സംരക്ഷണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വി.റ്റി. ബൽറാം.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരവ്യവസായ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) ക്ഷീരവ്യവസായ സംരക്ഷണത്തിനായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും നവീകരണത്തിനുമുള്ള ധനസഹായം, ക്ഷീര സംഘങ്ങളുടെ കമ്പ്യൂട്ടർ വത്ക്കരണം, മിൽക്ക് ടെസ്റ്റിംഗിനുള്ള ധനസഹായം, ക്വാളിറ്റി കൺട്രോൾ ലാബുകളുടെ നവീകരണത്തിനുള്ള ധനസഹായം തുടങ്ങിയവയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കൂടാതെ, ക്ഷീരകർഷകരുടെ ഉന്നമനത്തിനായി കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന ക്ഷീരകർഷക പെൻഷൻ, ഫാമിലി പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, സ്കോളർഷിപ്പ്, ഇൻഷുറൻസ് തുടങ്ങിയ പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പാൽവില കൂടുമ്പോൾ കാലിത്തീറ്റയുടെയും അനുബന്ധസാധനങ്ങളുടെയും വില വർദ്ധിക്കുന്നതിനാൽ വിലകൂടുന്നതിന്റെ യഥാർത്ഥ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ഇതിനു പരിഹാരമാംവണ്ണമാണ് ക്ഷീരകർഷകർക്ക് പ്രയോജനപ്രദമായിട്ടുള്ള എം.എസ്.ഡി.പി. പദ്ധതി, കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതി വഴി കർഷകരെ സഹായിക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

| | |
|---|---|
| (സി) ഇതിനു പരിഹാരമായി തീറ്റപ്പുൽ കൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് തീറ്റപ്പുൽ കൃഷി വ്യാപകമാക്കാൻ കൃഷിക്കാരെയും ക്ഷീരസംഘങ്ങളെയും പ്രോത്സാഹിപ്പിച്ച് പദ്ധതി ത്വരിതപ്പെടുത്തുന്നുണ്ട്. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ചോളം, സർഗ്ഗം പുൽ വിത്തുകൾ ക്ഷീരസംഘങ്ങൾ വഴി ക്ഷീര കർഷകർക്ക് മിൽമ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.